(സി, ഡി) 29-5-1970-ൽ കേരളവും തമിഴ്നാടുമായി ഒപ്പുവച്ച പെരിയാർ ജലവൈദ്യുത അനുബന്ധ കരാർ അനുസരിച്ചാണ് മേൽത്തുക നിശ്ചയിക്കപ്പെട്ടത്. ഈ കരാറനുസരിച്ച് പ്രസ്തുത നിരക്ക് പുതുക്കലിന് വിധേയമാക്കാനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഓഫീസുകളുടെ പുനഃക്രമീകരണം

29 [912] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ, ആലുവ, ഭൂതത്താൻകെട്ട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഓഫീസുകൾ പുനഃക്രമീകരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) കാലതാമസം കൂടാതെ പ്രസ്തുത പുനഃസംഘാടനത്തിന് നടപടി സ്വീകരിക്കുമോ;

(സി) ഓഫീസുകൾ ഏതുവിധത്തിലാണ് പുനഃക്രമീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) അന്തിമ തീരുമാനം എടുത്തതിന് ശേഷമേ വിശദാംശങ്ങൾ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

മുണ്ടായ, ചങ്ങണാംകുന്ന്, പട്ടാമ്പി എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് നടപടി

30 [913] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിലെ മുണ്ടായ, ചങ്ങണാംകുന്ന്, പട്ടാമ്പി എന്നിവിടങ്ങളിൽ ഓരോ ചെക്ക് ഡാം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അനേകം ശുദ്ധജലവിതരണ പദ്ധതികൾക്ക് വെള്ളം ലഭിക്കുന്നതിന് ഇവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുന്നത് ആവശ്യമാണെന്ന കാര്യം സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭാരതപ്പുഴയിൽ മുണ്ടായ എന്ന സ്ഥലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് 11.3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടാമ്പി ക്രോസ്വേയുടെ മേൽ ഭാഗത്ത് തടയണയ്ക്ക് പകരം ഷട്ടറോടുകൂടിയ ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതാണ് നല്ലതെന്ന് കണ്ടെത്തിയിട്ടുണ്ട്. എലപ്പുള്ളി പഞ്ചായത്തിൽ ചങ്ങണാംകുന്നിനടുത്ത് 3540, 4320 എന്നീ ചെയ്നേജുകളിൽ ഓരോ തടയണകൾ നിർമ്മിക്കുന്നത് പരിശോധനയിലാണ്.

(ബി) ശുദ്ധജലവിതരണ പദ്ധതികൾക്ക് വെള്ളം ലഭിക്കുന്നതിന് ചെക്ക് ഡാം നിർമ്മാണം ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്ലാച്ചിമടയിലെ ജലദൗർലഭ്യം

31 [914] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കകോള ഫാക്ടറി പ്രവർത്തിക്കുന്ന പ്ലാച്ചിമടയിലും പരിസരപ്രദേശത്തും അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമത്തെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഭൂഗർഭജലം എടുക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയന്ത്രണങ്ങൾ കൊക്കകോള കമ്പനി പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ ഭൂഗർഭജലത്തിൽ ആരോഗ്യത്തിന് ഹാനികരമായ മാലിന്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാഫലം ലഭ്യമാക്കുമോ; ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കൊക്കകോള കമ്പനിക്ക് മറ്റെവിടെനിന്നെങ്കിലും ജലം സംഭരിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ നിന്നാണെന്നും എന്ത് വ്യവസ്ഥയിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2002 മാർച്ച് മാസം മുതൽ 2003 മാർച്ച് മാസം വരെ 16 സാധാരണ കിണറുകളിലും 2 കുഴൽക്കിണറുകളിലും നടത്തിയ നിരീക്ഷണത്തിൽ 9 കിണറുകളിലെ ജലവിതാനം 0.22 മീറ്റർ മുതൽ 1. 37 മീറ്റർ വരെ താഴുന്നതായും രണ്ടു കുഴൽക്കിണറുകളിലെ ജലവിതാനം 2003 ഒക്ടോബറിൽ താഴുന്നതായും കണ്ടു 2003 മാർച്ചിൽ ഒരു കിണറിൽ നിശ്ശേഷം വെള്ളമില്ലാതെയായി. മഴയുടെ കുറവുകൊണ്ടും ഫാക്ടറിയിലും അതിനു ചുറ്റുമുള്ള സ്ഥങ്ങളിലേയും കിണറുകളിൽനിന്നും ഭൂഗർഭജലം ധാരാളമായി ഉപയോഗിക്കുന്നതുകൊണ്ടുമാണ് ജലവിതാനത്തിൽ താഴ്ച സംഭവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly